സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റീസ് പദ്ധതി

232 (7531) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കേണ്ട എസ്.ഐ.ഡി. (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിസ്സെബിലിറ്റീസ്) പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഏതെല്ലാം രീതിയിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ പങ്കാളിത്തം ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(ഡി) നടപ്പുസാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഇല്ല.

(ബി) ബാധകമല്ല.

(സി) പദ്ധതിയിൻകീഴിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. എം.എം.ആർ. വാക്സിനേഷൻ - സർക്കാർ പ്രസവാശുപത്രികളിൽ ജനുവരി 2014 മുതൽ സൗജന്യമായി എം.എം.ആർ. വക്സിനേഷൻ കുട്ടികൾക്ക് നൽകിവരുന്നു.

2. റുബെല്ലാ വാക്സിനേഷൻ - ഫെബ്രുവരി 2014-ൽ കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 9 - 12 വരെയുള്ള ക്ലാസുകളിൽ പഠിച്ചിരുന്ന കൗമാരപ്രായക്കാരായ 2,05,000 പെൺകുട്ടികൾക്ക് റുബെല്ലാ വാക്സിനേഷൻ നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും സ്വകാര്യ മേഖലയിലെ സി.ബി.എസ്.ഇ. & ഐ.സി.എസ്.ഇ. സ്കൂളിലും പഠിക്കുന്ന 8 & 9 ക്ലാസുകളിലെ പെൺകുട്ടികൾക്ക് റുബെല്ലാ വാക്സിനേഷൻ നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കുട്ടികളുടെ വൈകല്യവും വളർച്ചയുടെ വിവിധ ഘട്ടങ്ങളിലെ കാലതാമസവും കണ്ടെത്തുന്നതിനായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി 14 ജില്ലകളിലും സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കേന്ദ്രങ്ങൾക്കാവശ്യമായ കെട്ടിട നിർമ്മാണത്തിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. ആരോഗ്യവകുപ്പിൻ കീഴിലുള്ള സ്ഥലങ്ങളിൽ DEIC കളുടെ നിർമ്മാണത്തിനായുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

4. ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയ പട്ടിക പ്രകാരം 40 ഗവ: പ്രസവ ആശുപത്രികളിൽ കുട്ടികളുടെ ജന്മനായുള്ള കേൾവി തകരാർ കണ്ടുപിടിക്കുന്നതിനായി Oto Acoustic Emission Screeners എന്ന ഉപകരണം വാങ്ങി നൽകിയിട്ടുണ്ട്. ഇവയുടെ മേൽനോട്ടത്തിനായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ഡി) നടപ്പ് സാമ്പത്തികവർഷം ഈ പദ്ധതിക്കായി 20 കോടി രൂപ എ.സി.എ. ആയും സംസ്ഥാന വിഹിതമായി 20 കോടി രൂപയും ഉൾപ്പെടെ ആകെ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ തസ്തിക

233 (7532) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമവകുപ്പിൽ ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സാമൂഹ്യനീതിവകുപ്പിൽ 258 ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ തസ്തികകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല.

അനധികൃത അനാഥാലയങ്ങൾക്കെതിരെയുള്ള നിയമ വ്യവസ്ഥകൾ

234 (7533) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രജിസ്റ്റർ ചെയ്യാതെയും നിയമവിധേയമല്ലാതെയും സംസ്ഥാനത്തു പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്കെതിരെ നടപടി എടുക്കുവാൻ എന്തെല്ലാം നിയമവ്യവസ്ഥകളാണ് നിലവിലുള്ളത് ?

ഉത്തരം

സംസ്ഥാനത്തെ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നത് 1960-ലെ The Orphanages and other charitable Homes (Supervision and control) Act പ്രകാരമാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 13 പ്രകാരം ഓർഫനേജ്

LIBRARY ARCHIVES Kerala Legislative Assembly